# ബിഷപ്പ് ഡോ: ലെവീഞ്ഞ്

കോട്ടയം വികാരിയാത്തിന്റെ പ്രഥമ മെത്രാനായിരുന്ന നിതാന്തവന്ദ്യ ദിവ്യശ്രീ കാർലോസ് ലവീഞ്ഞു തിരുമേനി 1887 മുതൽ 1896 വരെ ഇവിടെ ഭരണം നടത്തുകയും തുടർന്ന് ട്രിങ്കമാലി രൂപതയുടെ മെത്രാനായി സ്ഥലംമാററപ്പെടുകയുമാണുണ്ടായത്. ഒരു ഈശോ സഭാംഗംകൂടിയായ ഇദ്ദേഹം ഫ്രാൻസുകാരനാണ്. തിരുമനസ്സുകൊണ്ട് കോട്ടയം മെത്രാനായിരുന്നപ്പോഴും ആദ്യകാലത്തു കോട്ടയത്തും, തുടർന്ന് ചങ്ങനാശേരിയിലുമാണ് വസിച്ചത്. ഇന്നത്തെ ചങ്ങനാശേരി അരമന അദ്ദേഹം പണി കഴിപ്പിച്ചിട്ടുള്ളതാണ്. ഇദ്ദേഹത്തിന്റെ ഭദ്രാസനദേവാലയം ഇടയ്ക്കാട്ടു പള്ളിയായിരുന്നു. തിരുമേനിയുടെ കാലത്താണു തെക്കുംഭാഗക്കാർക്കു മാത്രമായി ഒരു പ്രത്യേക വികാരിജനറളെ നിയമിക്കുകയും കൈപ്പുഴ മഠം, ആരംഭിക്കുകയും ചെയ്തത്.

ഇന്നത്തെ ചങ്ങനാശേരി, കോട്ടയം, പാലാ എന്നീ രൂപതകളിൽ ഉള്ള പല സ്ഥാപനങ്ങളും ഈ വന്ദ്യ ദേഹത്തിന്റെ കാലത്തു ആരംഭിച്ചിട്ടുള്ളതാണ്. ഡോക്ടർ ലെവീഞ്ഞും 1913 ജൂലായി 11–ാം തീയതി ഫ്രാൻസിൽ വച്ചു കാലം ചെയ്തു.

---

ഈ കല്പനയ്ക്കു് ആസ്പദമായി മാർപ്പാപ്പാ പക്കൽ മാക്കീൽ മാർ മത്തായി മെത്രാൻ സമർപ്പിച്ച ഹർജി ഞാനെഴുതിയിട്ടുള്ള "സമുദായചരിത്രം" 337 മുതൽ 344 വരെ പുറങ്ങളിൽ കൊടുത്തിട്ടുണ്ടു്. ആ ഹർജിയിൽ ചങ്ങനാശ്ശേരി, എറണാകുളം, തൃശ്ശൂർ വികാരി അപ്പസ്തോലിക്കാമാരായ, മാക്കീൽ മാർ മത്തായി, പഴയപറമ്പിൽ മാർ ളൂയിസു്, മേനാശ്ശേരിൽ മാർ യോഹന്നാൻ എന്നിവർ ഒപ്പുവച്ചിട്ടുണ്ട്. ഈ ഹർജിയുടെ തീയതി 1911 മാർച്ചു് ഒന്നാം തീയതിയാണ്.

മേൽ കാണിച്ച അപേക്ഷയും അതിന്മേൽ റോമാ സിംഹാസനത്തിൽനിന്നും ലഭിച്ച കല്പനയും വാങ്ങിച്ചുകൊണ്ടു മലയാളത്തെ ഏററവും വിസ്താരമേറിയ വികാരിയാത്തിന്റെ ഭരണാധികാരിയായി ചങ്ങനാശ്ശേരിയിൽനിന്നും റോമിലേക്കു പുറപ്പെട്ട മാക്കീൽ മാർ മത്തായി മെത്രാൻ കേരളത്തിലെ ഏററവും ചെറിയ വികാരിയാത്തിന്റെ ഭരണാധികാരിയായി മനുഷ്യസമുദായം ഏററവും വിലമതിക്കുന്ന സ്വാതന്ത്ര്യം തനിക്കും തന്റെ ജനങ്ങൾക്കും ഭാവിതലമുറയ്ക്കും, സൂര്യനും ചന്ദ്രനും ഉള്ള കാലത്തോളം അനുഭവിക്കത്തക്കവണ്ണം സമ്പാദിച്ചുകൊണ്ടു നിർദ്ധനനായി തലചായിക്കുവാൻ തക്ക ഭവനം പോലുമില്ലാതെ കോട്ടയത്തു തിരിച്ചുവന്നു. കോട്ടയം പട്ടണത്തിൽ അംബരചുംബിയായി ഇന്നു നിലകൊള്ളുന്ന ക്രിസ്തുരാജ കത്തീഡ്രൽ ദേവാലയത്തിന്റെ മുമ്പിൽ പാതാളത്തിൽനിന്നും ആകാശത്തിലേക്കുയർന്നു നിൽക്കുന്ന ബി. സി. എം. കോളജിന്റെയും സെൻറു് അന്നാസ് ഹൈസ്കൂളിന്റെയും മദ്ധ്യത്തിൽ (20 സെൻറു സ്ഥലത്തു്) ഒരാൾക്കു കഷ്ടിച്ചു ജീവിക്കുവാൻ മാത്രം വലിപ്പമുള്ള ഒരു കെട്ടിടത്തിൽ വാസമുറപ്പിച്ചു. ഇവിടെ താമസിക്കയിൽ 1914 ജനുവരി 26–ാംനു- ഈ മഹാ പുരോഹിതന്റെ ആത്മാവു് ഇഹലോകവാസം വെടിഞ്ഞു.

കോട്ടയം വികാരിയാത്തു് അഥവാ ഇപ്പോഴത്തെ കോട്ടയം രൂപത കത്തോലിക്കലോകത്തിലെ അത്ഭുതങ്ങളിൽ ഒന്നാണ്. മെത്രാന്മാരുടെ അധികാരസീമകൾക്കു ഭൂപരിധി നിർണ്ണയിച്ചുകൊടുക്കുകയാണു കത്തോലിക്കാ സഭയിലെ പതിവു്. എന്നാൽ കോട്ടയം വികാരിയാത്തിൽപെട്ട ജനങ്ങൾ എവിടെയെല്ലാമുണ്ടോ അവരെല്ലാം കോട്ടയം മെത്രാന്റെ ഭരണത്തിൻകീഴിലുള്ളവരാണ്. ഇന്ന് കോട്ടയം മെത്രാന്റെ അധികാരം കേരളമൊട്ടുക്കു വ്യാപിച്ചുകിടക്കുന്നു. കോട്ടയം മെത്രാന്റെ അധികാരം തിരുവനന്തപുരം, കൊല്ലം, ചങ്ങനാശ്ശേരി, പാലാ, എറണാകുളം, കോഴിക്കോട്, മുതലായ മെത്രാന്മാരുടെ അതിർത്തികളിൽ താമസിക്കുന്ന കോട്ടയം മിസ്സത്തിൽപെട്ട ജനങ്ങളുടെ മേൽ വ്യാപകമായിരിക്കുന്നു. കോട്ടയം മിസ്സത്തിനു പരിപൂർണ്ണ സ്വാതന്ത്ര്യം സമ്പാദിച്ചുകൊടുത്ത മാക്കീൽ മാർ മത്തായി മെത്രാന്റെ അൻപതാം ചരമവാർഷിക ദിനം പല സ്ഥലങ്ങളിലും ആഘോഷമായി ഈ ജനുവരി 26–ാം തീയതി കൊണ്ടാടുന്നുണ്ടു്. അദ്ദേഹം കോട്ടയത്തുള്ള ചെറുഭവനത്തിൽ താമസിച്ചിരുന്ന കാലത്തും ബ്രഹ്മാണ്ഡമായ ചങ്ങനാശ്ശേരി അരമനയിൽ താമസിച്ചിരുന്ന കാലത്തും ആ മഹാനെ എനിക്കു് അടുത്തു നേരിട്ടു പരിചയമുണ്ട്. അദ്ദേഹം ഉയരങ്ങളിൽ ഇരുന്നുകൊണ്ട് നമ്മെ എല്ലാം ഇന്നു പ്രത്യേകം അനുഗ്രഹിക്കുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.